## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T2620. 14.02.2013 -ൽ മറുപടിയ്ക്ക്**

## ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ഭൂരിഭാഗവും ശിക്ഷിക്കപ്പെടാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | എ) | രാജ്യത്ത് നിലവിലുണ്ടായിരുന്ന 1954 ലെ മായം ചേർക്കൽ നിരോധന നിയമപ്രകാരം ചാർജ്ജ് ചെയ്തുകൊണ്ടിരുന്ന കേസുകളിലെ അപാകതകളും പോരായ്മകളും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇൻഡ്യൻ പാർലമെന്റ് 2006 ലെ ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കിയിട്ടുള്ളത്. മുൻ നിയമത്തിലെ മുഴുവൻ പോരായ്മകളും പരിഹരിച്ചു കൊണ്ടാണ് ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കിയിട്ടുള്ളത്. ഈ നിയമം പൂർണ്ണമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യാപാരികൾക്ക് 3000 ത്തിലധികം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. 69 താലൂക്കുകളിലായി ലൈസൻസിംഗ് മേളകൾ നടത്തി വ്യാപാരികൾക്ക് ലൈസൻസിംഗ് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡ്ജുഡിക്കേറ്റിംഗ് ഓഫീസർമാരെ നിയമിക്കുകയും 57 |

| | | | |
|---|---|---|---|
| | | | ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ അധിക തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. ഈ നടപടികൾ വഴി ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് യഥാസമയം കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |
| ബി) | 2012 ജനുവരി മുതൽ ഡിസംബർ വരെ മായം ചേർക്കലുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | ബി) | മായം ചേർക്കലുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് 73 കേസുകൾ കോമ്പൗണ്ട് ചെയ്തിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് ഇത് സംബന്ധിച്ച് ആകെ എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ? | സി) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് നിലവിൽ 2 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് കൂടാതെ 73 കേസുകൾ കോമ്പൗണ്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ